# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2297 15.07.2011 ൽ മറുപടിക്ക്**

**ബീച്ച്-തോട്ടപ്പള്ളി തീരദേശ പാതയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ . ജി. സുധാകരൻ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി) |
| (എ) അമ്പലപ്പുഴ മണ്ഡലത്തിലെ ബീച്ച് മുതൽ തോട്ടപ്പള്ളി വരെയുള്ള തീരദേശപാതയുടെ എത്ര കിലോമീറ്ററാണ് ഇനി നിർമ്മിക്കാനുള്ളത് ; എതൊക്കെ സ്ട്രെച്ചുകളാണ് നിർമ്മിക്കാനുള്ളത് ; | (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ ബീച്ച് മുതൽ തോട്ടപ്പള്ളി വരെ ഇനി 4.230 കി.മീ തീരദേശപാത നിർമ്മിക്കാനുണ്ട്.തീരദേശപാതയുടെവാടാപ്പൊഴി മുതൽ മത്സ്യഗന്ധി ജംഗ്ഷൻ വരെ 0.45 കി.മീ. നീളവും കരയോഗം മുതൽ എസ്.എൻ.എം.എച്ച്.എസ്. പുറക്കാട് വരെ 2.280 കി.മീ.നീളവും മുണ്ടകത്തിൽ ജംഗ്ഷൻ മുതൽ ഫിഷിംഗ് ഹാർബർ വഴി തോട്ടപ്പള്ളി വരെ 1.50 കി.മീ നീളവും നിർമ്മാണം നടത്താനുണ്ട്. |
| (ബി) ഈ പാതയിൽ ഇനിയും നിർമ്മിക്കേണ്ട പാലങ്ങളുടെ വിശദ വിവരങ്ങൾ നൽകുമോ ; | (ബി) | വാടാപ്പൊഴി പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുകയും പൂമീൻപൊഴിപാലം പൊളിച്ചു പണിയുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ടെണ്ടർ പിടിച്ച ശേഷം നിർമ്മാണം നടത്താത്ത കരാറുകാരെക്കൊണ്ട് സത്വരമായി നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ